"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ — തൃശ്ശൂർ നഗരസഭയിൽ പൊതുജനാരോഗ്യ വിഭാഗം ഡി.എൽ.ആർ ശുചീകരണ തൊഴിലാളിയായി ജോലി ചെയ്തു വരവേ ജോലി സമയത്ത് അപകടത്തെത്തുടർന്ന് മരണമടഞ്ഞ മജീദ് എ.എ യുടെ കുടുംബത്തിന് 5 ലക്ഷം രൂപ ധന സഹായമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.676/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിന്റെ 10.08.2020, 26/03/2025 തീയതികളിലെ 10, 45/1-ാം നമ്പർ തീരുമാനങ്ങൾ.
2. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 06/06/2025 തീയതിയിലെ 1287254-2024 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/10/2024 തീയതിയിലെ LSGD/PD/44812/2023-DEF4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ നഗരസഭയിൽ താൽക്കാലിക ശുചീകരണ തൊഴിലാളിയായി ജോലി ചെയ്തു വരവേ, മജീദ് എ.എ, പുത്തൻവീട്ടിൽ ഹൗസ്, കാര്യാട്ടുകര എന്നവർ കൃത്യനിർവ്വഹണത്തിനിടെ കുരിയച്ചിറ അറവുശാലയിലെ കിണറിനകത്തേയ്ക്ക് വീണ് മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ കുടുംബത്തിന് ധന സഹായമായി 5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന പരാമർശം (1) കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരസഭയിൽ പൊതുജനാരോഗ്യ വിഭാഗം ഡി.എൽ.ആർ ശുചീകരണ തൊഴിലാളിയായി ജോലി ചെയ്തു വരവേ ജോലി സമയത്ത് അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മജീദ് എ.എ യുടെ കുടുംബത്തിന് മാനുഷിക പരിഗണന കണക്കിലെടുത്ത് ധന സഹായമായി 5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) നഗരസഭ കൌൺസിൽ തീരുമാനിച്ച പ്രകാരം, കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(LSGD-EU3/44/2022-LSG)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-03-2026 14:40:06
സെക്ഷൻ ഓഫീസർ